"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) - വാഹനം വാടകയ്ക്ക് എടുക്കുന്ന ഇനത്തിൽ തുക അനുവദിച്ച് - ഉത്തരവാകുന്നു.

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.345/2026/H&FWD തീയതി,തിരുവനന്തപുരം, 28-01-2026

പരാമർശം:- 1. സ.ഉ.(സാധാ)നം.1894/2025/ആ.കു.വ. തീയതി 09.07.2025

2. സ.ഉ.(സാധാ)നം.3064/2025/ആ.കു.വ. തീയതി 06.10.2025

3. ഇംഹാൻസ് ഡയറക്ടറുടെ 13.01.2026 തീയതിയിലെ എ1/325/2025/ഇംഹാൻസ് നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്)-യിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുവേണ്ടി '2210-05-200-95-36 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ ₹4,80,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം ഇംഹാൻസിൽ 2025 ഒക്ടോബർ മാസം വരെയുള്ള 8 മാസത്തേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുവേണ്ടി ₹3,15,600/- രൂപ '2210-05-200-95-36 (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (3) ലെ കത്ത് പ്രകാരം പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതായി ഇംഹാൻസ് ഡയറക്ടർ അറിയിക്കുകയും, 2025 നവംബർ മുതൽ 2026 മാർച്ച് മാസം വരെ വാഹനം വാടകയ്ക്ക് എടുക്കുന്ന ആവശ്യത്തിലേയ്ക്കായി 2210-05-200-95-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹1,59,125/- രൂപ അനുവദിച്ചു നൽകുവാൻ അഭ്യർത്ഥിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇംഹാൻസിൽ വാഹനം വാടകയ്ക്ക് എടുത്ത ഇനത്തിൽ 2025 നവംബർ മുതൽ 2026 ഫെബ്രുവരി മാസം വരെയുള്ള 4 മാസത്തെ വാടകയായി **₹1,57,800/- രൂപ (ഒരു ലക്ഷത്തി അൻപത്തിഏഴായിരത്തി എണ്ണൂറ് രൂപ മാത്രം) '2210-05-200-95-36- ഇംഹാൻസ് - ധനസഹായം - ശമ്പളേതരം (പ്ലാൻ)'** എന്ന ശീർഷകത്തിൽ നിന്നും ഇംഹാൻസ് ഡയറക്ടർക്ക് റിലീസ് ചെയ്ത് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്), കോഴിക്കോട്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത്-എ) (നം.3267359/HLT-A3/136/2025-FIN തീയതി 27.01.2026 പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/63/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
സെക്ഷൻ ഓഫീസർ
Date: 28-01-2026 16:50:09